പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.704

29/01/2019 ൽ മറുപടിക്ക്

## ശബരിമലയിലെ തന്ത്രി പദവി

ചോദ്യം

ശ്രീ.വി.പി.സജീന്ദ്രൻ

മറുപടി

കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ശബരിമല തന്ത്രി ദേവസ്വം ബോർഡിലെ ജീവനക്കാരനാണോ; അദ്ദേഹത്തെ നിയമിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | തന്ത്രി തിരുവിതാകൂർ ദേവസ്വം ബോർഡിന്റെ തസ്തികയിൽ നിയമിക്കപ്പെട്ട ജീവനക്കാരൻ അല്ല. എന്നിരിന്നാലും ദേവസ്വം ബോർഡ് മാന്വൽ അനുസരിച്ച് പ്രവർത്തിക്കുവാൻ തന്ത്രി ബാധ്യസ്ഥനാണ്. മാന്വൽ പ്രകാരംം ദേവസ്വം നടത്തിപ്പ് സംബന്ധിച്ച് മറ്റ് എല്ലാ ജീവനക്കാരേയും പോലെ തന്ത്രിയേയും കണക്കാക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ബി) | ശബരിമലയിലെ തന്ത്രി പദവി പരമ്പരാഗതമായി താഴമൺ കുടുംബത്തിൽ വന്ന് ചേർന്നതാണെന്ന കാര്യം സിവിൽ കോടതി ശരി വച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | എങ്കിൽ തന്ത്രിയുടെ നിയമനത്തിൽ ദേവസ്വംബോർഡോ, സർക്കാരോ ഇടപെടുന്നത് ഏത് നിയമപ്രകാരമാണെന്ന് വ്യക്തമാക്കുമോ? | (സി) | തന്ത്രിയുടെ നിയമനത്തിൽ സർക്കാരോ തിരുവിതാകൂർ ദേവസ്വം ബോർഡോ ഇടപെട്ടിട്ടില്ല. എന്നാൽ തന്ത്രിയുടെ ചുമതലകൾ നിർവഹിക്കേണ്ടത് ദേവസ്വം ബോർഡ് മാന്വൽ അനുസരിച്ചാണ്. |

സെക്ഷൻ ഓഫീസർ